(ഡി) ഈ രൂപരേഖയനുസരിച്ച് അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളുടെ പഠനത്തിന് അർഹമായ സ്ഥാനം നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സ്കൂൾ കരിക്കുലം സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി ഒരു കരടു സമീപന രേഖ തയ്യാറായിട്ടുണ്ട്.

(ബി) പ്രീ-പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉന്നമനവും സാംഗത്യവും ഉറപ്പുവരുത്തുംമാറ് കരിക്കുലം പരീക്ഷിക്കുവാനുള്ള നിർദ്ദേശങ്ങളാണ് കരട് സമീപനരേഖയിലുള്ളത്. കരിക്കുലവുമായി ബന്ധപ്പെടുത്തി - സിലബസ്, ബോധന സമ്പ്രദായം, മൂല്യനിർണ്ണയം തുടങ്ങിയവയിലെല്ലാം എപ്രകാരമുള്ള മാറ്റമാണ് അഭികാമ്യം എന്ന് പ്രസ്തുത കരട് രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് വ്യാപകമായ ചർച്ചയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) ഇത് തയ്യാറാക്കുന്നതിലേയ്ക്കായി താഴെ പറയുന്നവരുടെ സേവനം തേടിയിട്ടുണ്ട്.

1) എസ്.സി.ഇ.ആർ.ടി ഫാക്കൽറ്റി അംഗങ്ങൾ

2) ഡോ. എ. സുകുമാരൻ നായർ, മുൻ വൈസ് ചാൻസലർ, എം.ജി. യൂണിവേഴ്സിറ്റി.

3) ഡോ. മോഹൻ ബി. മേനോൻ, ഡയറക്ടർ, നാഷണൽ ഓപ്പൺ സ്കൂൾ, ന്യൂ ഡൽഹി.

4) ഡോ. കെ.എൻ. ഗണേഷ്, റീഡർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

(ഡി) എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ കരട് വിദ്യാഭ്യാസ സമീപന രേഖയിൽ അറബി, ഉറുദു, സംസ്കൃതം എന്നീ ഭാഷകളുടെ പഠനവുമായി ബന്ധപ്പെടുത്തി ചില മാറ്റങ്ങൾ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ഭാഷകളുടെ പഠനം സംബന്ധിച്ച് ഇപ്പോഴുള്ള സമ്പ്രദായം നിലനിർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

51 (468) ഏകാദ്ധ്യാപക സ്കൂൾ

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഏകാദ്ധ്യാപക സ്കൂളുകളുണ്ട്;

(ബി) ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ഉച്ചഭക്ഷണം നൽകുന്നുണ്ടോ;

(സി) ഈ സ്കൂളുകളിൽ ഏതെങ്കിലും ഗുഹയിൽ വച്ച് നടത്തുന്നുണ്ടോ;

(ഡി) ആയിരംകാൽ, പത്തായംവച്ച അപ്പ്, കൊംപൈ, ആമല തുടങ്ങിയ ഗിരിവർഗ്ഗ സെറ്റിൽമെന്റിലെ കുട്ടികൾക്കു വേണ്ടി തുടങ്ങിയ ഏകാദ്ധ്യാപക സ്കൂൾ നടത്തുന്നത് എവിടെ വച്ചാണ്;

(ഇ) ഇതിന് സ്കൂൾ കെട്ടിടമുണ്ടോ എന്നറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയ സ്കൂളുകൾ തുടങ്ങുന്നതിന് സാധ്യതയില്ലാത്തതും, എന്നാൽ പ്രാഥമിക വിദ്യാഭ്യാസത്തിന് ഒട്ടുംതന്നെ സാഹചര്യ മില്ലാത്തതുമായ സ്ഥലങ്ങളിൽ ഡി.പി.ഇ.പി.യുടെ കീഴിൽ ഭിന്നതല പഠന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഏകാധ്യാപക വിദ്യാഭ്യാസ രീതിയാണ് പിന്തുടരുന്നത്. ആറു ഡി.പി.ഇ.പി. ജില്ല (തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ്) കളിലായി മൊത്തം 84 ഭിന്നതല പഠനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) ഇടുക്കി ജില്ല ഒഴികെ മറ്റെല്ലാ ഡി.പി.ഇ.പി. ജില്ലകളിലെയും ഭിന്നതല പഠന കേന്ദ്രത്തിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി വരുന്നു. ഇടുക്കി ജില്ലയിൽ ഇത് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇല്ല.

(ഡി) കൊംപൈകാണി എന്ന സെറ്റിൽമെന്റിൽ വച്ചാണ് ആയിരംകാൽ, പത്തായംവച്ചഅപ്പ്, കൊംപൈ, ആമല തുടങ്ങിയ ഗിരിവർഗ്ഗ സെറ്റിൽമെന്റിലെ കുട്ടികൾക്കുവേണ്ടി ഭിന്നതല പഠനകേന്ദ്രങ്ങൾ നടത്തുന്നത്.

(ഇ) ഇല്ല. സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റി ആരംഭിച്ചിട്ടുണ്ട്.

52 (469) സി.ബി.എസ്.ഇ. സ്കൂൾ തുടങ്ങുന്നതിന് എൻ.ഒ.സി.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കൂളുകൾ തുടങ്ങുന്നതിന് എൻ.ഒ.സി. നൽകുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം ജില്ലകളിൽനിന്ന് എത്ര അപേക്ഷകൾ വീതം ലഭിച്ചു;

(സി) സി.ബി.എസ്.ഇ. സ്കൂൾ തുടങ്ങുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിന് ഇപ്പോൾ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അർഹിക്കുന്നവർക്ക് എൻ.ഒ.സി. നൽകുന്നതിന് കാലതാമസം ഒഴിവാക്കുമോ?

ഉത്തരം

(എ) ഈ വർഷം 41 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി)

തിരുവനന്തപുരം	–	5
കൊല്ലം	–	3
പത്തനംതിട്ട	–	1
ആലപ്പുഴ	–	3
കോട്ടയം	–	3
ഇടുക്കി	–	4

LIBRARY ARCHIVES Kerala Legislative Assembly